# മെട്രോ വാർത്ത

## ഇഎംസി; രാജ്യാന്തര ഊർജ്ജമേള സമാപിച്ചു




*മത്സര വിജയികൾക്കുള്ള സമ്മാനം വിതരണം ചെയ്യുന്നു.*

തിരുവനന്തപുരം: എനർജി മാനേജ്മെന്റ് സെന്റർ കേരളയുടെ രാജ്യാന്തര ഊർജ്ജമേള സമാപന സമ്മേളനത്തിന് തിരശ്ശീല വീണു. സെന്ററിന്റെ സ്ഥാപകദിനത്തോടനുബന്ധിച്ച് തൈക്കാട് പൊലീസ് ഗ്രൗണ്ടിൽ മൂന്ന് ദിവസമായി നടന്നുവന്ന ഊർജ്ജമേളയാണ് സമാപിച്ചത്. സമ്മേളനം ഇഎംസിയുടെ ഫൗണ്ടർ ഡയറക്ടർ പ്രൊഫ. വി. കെ. ദാമോദരൻ ഉദ്ഘാടനം ചെയ്തു. കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട് ഭാവരുന്ന പ്രശ്നങ്ങളെ നേരിടുന്നതിന് ഭാവി തലമുറയെ സജ്ജമാക്കുന്ന തരത്തിൽ വിദ്യാർഥികൾക്ക് അവബോധം നൽകണമെന്ന് പ്രൊഫ. ദാമോദരൻ. ചടങ്ങിൽ ഇഎംസി ഡയറക്ടർ ഡോ. ആർ. ഹരികുമാർ, ബിഇ മീഡിയ അഡ്വൈസർ ഫോർ സൗത്ത് ചന്ദ്രശേഖര റെഡ്ഡി, ഇഎംസി എനർജി എഫിഷ്യൻസി ഡിവിഷൻ ഹെഡ് ജോൺസൺ ഡാനിയൽ, ജോയിൻ ഡയറക്ടർ എ.എൻ. ദിനേശ് കുമാർ എന്നിവർ സംസാരിച്ചു. മേളയുടെ ഭാഗമായി നടത്തിയ മെഗാ ക്വിസിൽ വി.ആർ. ശരത്ത് ഒന്നാം സമ്മാനവും അഖിൽ ഘോഷ് രണ്ടാം സമ്മാനവും ബാലു ജോൺ മൂന്നാം സമ്മാനവും പഞ്ചമി പ്രോത്സാഹന സമ്മാനവും കരസ്ഥമാക്കി. മേളയുടെ ഭാഗമായി സ്റ്റുഡന്റ് എനർജി കോൺഗ്രസിന്റെ ഭാഗമായി നടത്തിയ വിവിധ മത്സര വിജയികൾക്കുള്ള സമ്മാനവും ചടങ്ങിൽ നൽകി.